# ആശ്വാസം, ഭീകരാക്രമണമുണ്ടായില്ലല്ലോ!

**വനിതാ** സംവരണ ബില്ലിന്റെ മാഹാത്മ്യം കൊട്ടിഘോഷിക്കപ്പെടേണ്ടതു തന്നെയെങ്കിലും തല മറന്ന് എണ്ണ തേക്കുന്നവരാകരുത് നമ്മൾ. 1996-ൽ ദേവഗൗഡ പ്രധാനമന്ത്രിയായിരിക്കെ കൊണ്ടുവന്ന ഈ ബിൽ എവിടെയും എത്താതിരുന്നതിന്റെ കാരണങ്ങളിൽ ഒന്നുപോലും പരിഹരിച്ചുകൊണ്ടല്ല ഒടുവിലെങ്കിലും അത് അവതരിപ്പിക്കപ്പെട്ടത്. പാസായാലും ഇന്നത്തെ പാർലമെന്റിൽ ഈ അധിക വനിതാ പ്രാതിനിധ്യം ഏതു സ്വഭാവത്തിലായിരിക്കുമെന്നതും വ്യക്തമല്ല. അതെല്ലാം ബില്ലുമായി ബന്ധപ്പെട്ട സങ്കീർണമായ വിഷയങ്ങളാകയാൽ ഈ പംക്തിയിൽ ചർച്ചക്കെടുക്കേണ്ട കാര്യവുമില്ല. പക്ഷേ സോണിയാ ഗാന്ധിയുടെ നിശ്ചയദാർഢ്യം എന്ന് മാധ്യമങ്ങൾ വിശേഷിപ്പിക്കുന്ന 'സംഗതി' മാത്രമായിരുന്നില്ല ഈ ബിൽ ധൃതിയിൽ അവതരിപ്പിക്കപ്പെടാനുണ്ടായ കാരണം. കഴിഞ്ഞ അഞ്ചു വർഷവും ഇതേ സോണിയാ ഗാന്ധി തന്നെയായിരുന്നല്ലോ കോൺഗ്രസിന്റെ അധ്യക്ഷ. അന്ന് സി.പി.എം ഒപ്പമുണ്ടായിരുന്ന കാലവുമാണ്. ഈയൊരു ബില്ലിന്റെ കാര്യത്തിൽ ഏതു ചെകുത്താനും തങ്ങൾ പിന്തുണ നൽകുമെന്ന നിലപാടാണ് ബി.ജെ.പിയുടേത്. സമാജ്‌വാദി പാർട്ടിയും ലാലുവുമൊക്കെ കുറെക്കൂടി കോൺഗ്രസിനോട് ചേർന്നുനിന്ന കാലവുമാണത്. യു.പി.എ പൊതുമിനിമം പരിപാടിയിലും ഈ ബിൽ ഇടം കണ്ടെത്തി. എന്നിട്ടും പതിവ് നാടകങ്ങൾക്കപ്പുറം 'എന്തുവില കൊടുത്തും ബിൽ പാസാക്കാനുള്ള' ഇഛാശക്തിയൊന്നും ആരിലും ഉണ്ടായിരുന്നില്ലല്ലോ?

ഒന്നാം യു.പി.എ സർക്കാറിന്റെ കാലത്ത് രാജ്യസഭയിൽ ഹൻസ്‌രാജ് ഭരദ്വാജ് ഈ ബിൽ അവതരിപ്പിക്കാൻ എഴുന്നേറ്റു നിന്ന രംഗം ഇപ്പോഴും മറക്കാനാവില്ല. ഇരു പുറത്തും രണ്ട് വനിതാ മന്ത്രിമാർ. കുമാരി ഷെൽജയും അംബികാ സോണിയും. മുന്നിലും പിന്നിലും രണ്ട് വനിതാ എം.പിമാർ. അതിലൊരാൾ ജയന്തി നടരാജൻ. ബിൽ മാറോടടുക്കിപ്പിടിച്ച് എഴുന്നേറ്റ ഹൻസ്‌രാജിന് എന്നിട്ടും അത് സഭയുടെ മേശപ്പുറത്ത് വെക്കാനായില്ല. നിലവിലുള്ള നിയമമന്ത്രി വീരപ്പ മൊയ്‌ലി രാജ്യസഭയിൽ എഴുന്നേറ്റതും ഈ മട്ടിലൊരു ശാരീരികമായ ഏറ്റുമുട്ടലിന് തയാറെടുത്തു കൊണ്ടായിരുന്നു. നടപ്പുസമ്മേളന കാലത്ത് ബിൽ സഭയിൽ വെക്കാനുള്ള തീരുമാനം കോൺഗ്രസിന്റെ 'കോർകമ്മിറ്റി'യിൽ എടുക്കുമ്പോൾ ബുദ്ധിപരമായ ഒരു തടസ്സവും ആരും മുൻകൂട്ടി കണ്ടിരുന്നില്ല. കേവലം കായികമായ അഭ്യാസത്തിന് തയാറായി ഇതുപോലൊരു ബിൽ അവതരിപ്പിച്ച കോൺഗ്രസ് അധ്യക്ഷയെ എന്തിന്റെയെങ്കിലും പേരിൽ അഭിനന്ദിക്കേണ്ടതുണ്ടോ? ബില്ലിനെ ബി.ജെ.പി എന്തിന്റെ പേരിൽ പിന്തുണക്കുന്നു എന്നതും മുലായവും കൂട്ടരും എന്തിന്റെ പേരിൽ എതിർക്കുന്നു എന്നതും 'പതിവ് തടസ്സവാദ'ങ്ങളെന്ന ഓമനപ്പേരിട്ട് തള്ളിക്കളഞ്ഞത് കോൺഗ്രസിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നുണ്ട്. ഒരു ചർച്ച പോലും സാധ്യമാവാതെ നാളെ സഭയിൽ ഈ ബിൽ പാസാക്കേണ്ട അവസ്ഥയിലേക്കാണ് കാര്യങ്ങൾ പുരോഗമിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ ചരിത്രം കുറിക്കുന്ന ഈ മുഹൂർത്തം ഇങ്ങനെയൊക്കെയാണ് രേഖപ്പെടുത്തുകയെങ്കിൽ അതിലെങ്ങനെ ഈ ഗവൺമെന്റിന് അഭിമാനം കൊള്ളാനാവും?

പ്രതിപക്ഷത്ത് വിലക്കയറ്റവുമായി ബന്ധപ്പെട്ടുണ്ടായ ഐക്യം തകർക്കുക എന്നതായിരുന്നു ബിൽ അവതരിപ്പിക്കുമ്പോൾ സർക്കാറിന്റെ മുമ്പിലുണ്ടായിരുന്ന അടിയന്തര പ്രാധാന്യമുള്ള ലക്ഷ്യം. പക്ഷേ സാമ്പത്തിക ബില്ലുകൾ അവതരിപ്പിക്കാനിരിക്കെ ഈ തന്ത്രം ലോക്‌സഭയിൽ തിരിച്ചടിയായെന്ന് പ്രണബ് കുമാർ മുഖർജിയെ പോലുള്ളവർ കരുതുന്നുമുണ്ട്. അത്രയൊന്നും അടിയന്തര സ്വഭാവമില്ലാത്ത ചില സംഭവവികാസങ്ങൾ ഒരു ഭാഗത്ത് വേറെയും നടക്കുന്നുണ്ടായിരുന്നു. ബംഗാളിലും ബീഹാറിലും യു.പിയിലും തെരഞ്ഞെടുപ്പുകൾ അടുത്തുവരുന്നതും ലാലു-മുലായം-ശരദ് യാദവ് പ്രഭൃതികൾ സി.പി.എമ്മുമായി ചില നീക്കുപോക്കുകൾക്ക് തുടക്കം കുറിച്ചതുമാണ് ആശങ്കകളിൽ പ്രധാനപ്പെട്ടവ. നിതീഷ് കുമാറുമായുള്ള അഭിപ്രായ വ്യത്യാസം മൂർഛിച്ച് ജനതാദൾ യുണൈറ്റഡിൽ നിന്നും ശരദ് യാദവും കൂട്ടവും പുറത്തേക്കു വന്നാൽ ബീഹാറിൽ കോൺഗ്രസിനു പോലും പ്രയാസമുണ്ടാവും. മൊത്തത്തിൽ നോക്കുമ്പോൾ എലിയെ കൊല്ലാൻ ഇല്ലം ചുട്ടതു പോലെയായിരുന്നു കോൺഗസിന്റെ നീക്കം. മുലായം-ലാലു-ബി.എസ്.പി അംഗങ്ങൾ എതിർത്തു നിന്നാൽ ലോക്‌സഭയിൽ വെറും നാല് സീറ്റിന്റെ ഭൂരിപക്ഷമാണ് സർക്കാറിനുള്ളത്. അതു തന്നെ ജസ്വ

ന്ത് സിംഗിനെയും ജയപ്രദയെയും കണക്കിലെടുത്താൽ മാത്രം. വോട്ട് ഓൺ അക്കൗണ്ട് പാസാക്കാൻ പോലും ഗവൺമെന്റ് വിയർക്കുന്ന ഈ സാഹചര്യത്തിൽ കോൺഗ്രസ് ഏറ്റുമുട്ടലിന്റെ പാത സ്വീകരിച്ചതിന്റെ 'ഗുട്ടൻസ്' എന്തായിരുന്നു?

ഉത്തരേന്ത്യൻ സാഹചര്യങ്ങളെ വിലയിരുത്തുമ്പോൾ കോൺഗ്രസിന്റെ അത്യുത്സാഹവും ബി.ജെ.പിയുടെ നിഗൂഢമായ പുഞ്ചിരിയും ലാലുവിന്റെയും കൂട്ടരുടെയും ബഹളവും എളുപ്പത്തിൽ പിടികിട്ടും. ബിൽ പാസാവുകയും വനിതകൾക്കു വേണ്ടി മണ്ഡലങ്ങൾ മാറ്റിവെക്കപ്പെടുകയും ചെയ്യുമ്പോൾ ഇന്ത്യയുടെ സാമൂഹിക സാഹചര്യങ്ങളിൽ ആരായിരിക്കും അതിന്റെ നേട്ടം കൊയ്യുകയെന്ന് നല്ലതു പോലെ ഗൃഹപാഠം ചെയ്തിട്ടു തന്നെയാണ് കോൺഗ്രസ് ഇറങ്ങിപ്പുറപ്പെടുന്നത്. ദലിതന്റെയോ ഒ.ബി.സിക്കാരന്റെയോ ന്യൂനപക്ഷങ്ങളുടെയോ വനിതകളെ രാഷ്ട്രീയം കളിക്കുന്നവരുടെ കൂട്ടത്തിൽ മഷിയിട്ടു തെരയേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. സവർണ സമൂഹങ്ങളിൽ നിന്നുള്ള വനിതകളാണ് ഉത്തരേന്ത്യൻ പൊതുജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നത്. ഇന്ന് പാർലമെന്റിലുള്ള വനിതകളിൽ ഇടതുപക്ഷ അംഗങ്ങളൊഴികെ മഹാഭൂരിപക്ഷവും സംസ്ഥാന മുഖ്യമന്ത്രിമാരുടെ ഭാര്യമാരോ മക്കളോ മരുമക്കളോ ഒക്കെയാണ്. ആദിവാസി വനിതകളും ഫൂലൻദേവിയുമൊക്കെ വിരലിലെണ്ണാവുന്ന പ്രതിഭാസങ്ങൾ മാത്രം. വിവിധ സംസ്ഥാനങ്ങളിൽ കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച വനിതകളുടെ കണക്കെടുക്കുമ്പോഴും സമാനമായ കണക്കുകൾ കണ്ടെത്താം. മഹ്ബൂബാ മുഫ്തി മാത്രമാണ് തെരഞ്ഞെടുപ്പു ജയിച്ച് ലോക്സഭയിലുള്ള ഏക മുസ്‌ലിം വനിത. ഒ.ബി.സിക്കാരും മുസ്‌ലിംകളും മാത്രമാണ് ഈ വിഷയത്തിൽ എന്തെങ്കിലും ബഹളമുയർത്തുന്നവർ. അവരിൽ തന്നെ ചർച്ചകളെ സ്വാധീനിക്കാൻ കഴിയുന്നവരുടെ എണ്ണം നാൾതോറും കുറഞ്ഞുവരികയാണ്. അതുകൊണ്ടു കൂടിയാണ് ഇത്തരക്കാരുടെ എണ്ണവും 'വണ്ണവും' പാർലമെന്റിൽ എത്ര കണ്ട് കുറയുന്നോ അത്രകണ്ട് സമാധാനം എന്നാഗ്രഹിക്കുന്ന മൻമോഹൻ സിംഗിനും ബി.ജെ.പിക്കും പുതിയ ബിൽ 'ചരിത്ര സംഭവ'മാകുന്നത്.

'കാട്ടക്കകത്ത് കാട്ട' മാത്രമാണ് ഈ കുതന്ത്രത്തിനുള്ള മറുമരുന്ന്. സാമുദായിക രാഷ്ട്രീയത്തിന് മറ്റെന്തെല്ലാം ദോഷങ്ങളുണ്ടായിരുന്നെങ്കിലും ഹിന്ദുത്വ വർഗീയതക്കെതിരെ ഫലപ്രദമായ മറുമരുന്നായിരുന്നു ജാതീയത. സവർണ സമുദായങ്ങളിൽ വേരുകളുള്ള ബി.ജെ.പിയും കോൺഗ്രസും ചേർന്ന് മണ്ഡൽ രാഷ്ട്രീയത്തെ നശിപ്പിക്കാൻ കൊണ്ടുവരുന്ന ഒരു ബില്ലും കൂടിയാണിത്. സി.പി.എമ്മിന് മാത്രമാണ് ഇത് ബാധകമല്ലാത്തത്. മറ്റുള്ളവർക്ക് ഈ യാഥാർഥ്യം മനസ്സിലാക്കാൻ കഴിയണമായിരുന്നു. ■